# പ്രതിമകളുടെ ഉയരം ; മഞ്ജുനാഥന്റെ മണ്ഡപം

**സുസ്മേഷ് ചന്ത്രോത്ത്**

ധർമ്മസ്ഥലയിൽ നിന്ന് രാവിലെ തന്നെ പായ മടക്കി പത്തുരൂപയും വാങ്ങി കുളിച്ച് വൃത്തിയായി ഞങ്ങൾ പുറത്തിറങ്ങി. തലേന്ന രാത്രി തന്നെ, അശോകിനോടൊപ്പം ക്യൂ നിന്ന് മഞ്ജുനാഥനെ തൊഴുതതിനാൽ വീണ്ടും ആ തിരക്കിലേക്കു പോകാൻ തോന്നിയില്ല. കിട്ടുന്ന സമയം മുഴുവൻ ഒരിടത്തു ചെലവഴിക്കാനുമായിരുന്നില്ല താല്പര്യം. ഞങ്ങളെ ശല്യപ്പെടുത്തിക്കൊണ്ട് വിശപ്പ് പാഞ്ഞെത്തി. ഞങ്ങൾ പ്രാതൽ കഴിക്കാൻ ഒരുങ്ങി. ഗോമഡേശ്വരന്റെ പ്രതിമയെ വണങ്ങി ഞങ്ങൾ പുറത്തിറങ്ങി. റൈസ് ബത്ത് മുതൽ ഉപ്പിട്ടു വരെ പത്തോളം കന്നഡ വിഭവങ്ങൾ- കർണാടകത്തിന്റെ ആഹാരവൈവിദ്ധ്യമറിഞ്ഞ്- വേണ്ടും വിധം ഞങ്ങൾ അ




കത്താക്കി. ഓരോ നാടിനേയും കണ്ണാൽ കണ്ടാൽ മാത്രം പോര, രു ...യാൽ അറിയുക കൂടി വേണമ ...ാ. രസകരമായ പലഹാരങ്ങൾ ...ൽ നമ്മെ മടുപ്പിക്കുന്ന ആഹാ ...ം വരെ, നാം സ്പർശിക്കുമ്പോൾ ...ാം ബഹുമാനിക്കുന്നത് ഒരു ജനതയുടെ നൂറ്റാണ്ടുകളായുള്ള ജീവിതചര്യയാണ്.

ധർമ്മസ്ഥലയ്ക്ക് തൊട്ടടുത്തുള്ള കുന്നിൻപുറമാണ് രത്നഗിരി. നിറയെ കുരങ്ങുകൾ മേളിക്കുന്ന ഒരിടം. മുകളിലേക്ക് പടവുകൾ കെട്ടി കൈവരിയിട്ടിട്ടുണ്ട്. അവിടേയും ബാഹുബലിയുടെ 39 അടി ഉയരമുള്ള പ്രതിമയുണ്ട്. ഡി. വീരേന്ദ്ര ഹെഗ്ഗ്ഡെ 2. 2. 1982ൽ സ്ഥാപിച്ചതാണത്. എങ്ങനെ ഇത്ര കൂറ്റൻ പ്രതിമ അവിടെയെത്തിക്കും എന്ന സന്ദേഹത്തിന് മറുപടി പോലെ സചിത്രവിവരണം അവിടെ സ്ഥാപിച്ചിട്ടുണ്ട്. (ഡി. വീരേന്ദ്ര ഹെഗ്ഗ്ഡെയുടെ ഒരു പിൻമുറക്കാരനെ ഞങ്ങൾ തലേദിവസം ക്ഷേത്രവളപ്പിൽ കണ്ടുമുട്ടിയിരുന്നു. ആളുകൾ ഭക്ത്യാദരപൂർവ്വം വണങ്ങിയ ഒരു മനുഷ്യൻ.) ഈ സചിത്രവിവരണം നമ്മളെ ഒട്ടൊന്നുമല്ല സമാധാനിപ്പിക്കുക. ബാഹുബലി സ്വാമിയുടെ പ്രതിമയ്ക്കു മുന്നിൽ രണ്ട് ആനകളേയും വാർത്തുവച്ചിട്ടുണ്ട്. സഞ്ചാരികൾ അവിടെനിന്ന് ഫോട്ടോയെടുക്കാൻ തിരക്കു കൂട്ടുന്നു. പ്രശാന്തസുന്ദരമാണ് ആ കുന്നിൻപുറവും. ചുറ്റുമായി നഗരം കിടക്കുന്നതു കാണാം.

മദ്ധ്യാഹ്നമാകുന്നു. ഇനി എവിടേക്കെങ്കിലും പോകാൻ സമയമില്ല. കേരളത്തിലേക്ക് മടങ്ങണം.

സഞ്ചാരികൾ ഒരുപാട് എത്തുന്നുണ്ട് രത്നഗിരിയിലും. കർണാടകത്തിൽ നിന്നുള്ളവരാണ് എല്ലാവരും. ഒരുപക്ഷേ മഞ്ജുനാഥന്റെ വിശേഷാൽ ഉത്സവത്തിൽ പങ്കെടുക്കാൻ വന്നവരായിരിക്കാം. എന്തായാലും നനഞ്ഞ സാരിയും പാവാടയും വിശാലമായി നീട്ടിവലിച്ച് ആ മൈതാനത്ത് ഉണങ്ങാനിട്ട് കാത്തുനിൽക്കുന്ന കുറേ മനുഷ്യരെ കണ്ടത് കൗതുകമായി. സഞ്ചാരികളാകാം, അല്ലെങ്കിൽ തലേന്ന വന്നതിനാൽ മുഷിഞ്ഞ തുണികൾ കഴുകിയുണക്കുന്നതാകാം. എന്തിനേയും ഉണക്കുന്നതാണ് അവിടത്തെ വെയിൽ. ഞങ്ങൾ കൊല്ലൂരിൽ നിന്നു പോന്നതിൽ പിന്നെ മഴ കണ്ടിട്ടില്ല. തെളിഞ്ഞ നീലാകാശം. വെള്ളിച്ചേലാഞ്ചലം കാറ്റിനു കൊടുത്ത് മാനത്തു വിരിച്ച ഇളം നീല സാരി. ഞങ്ങൾ നിരത്തിലേക്കിറങ്ങി. ബസ്സ്റ്റാന്റിൽ വന്നപ്പോൾ നല്ല പച്ചമലയാളത്തിൽ കണ്ണൂർ എന്നെഴുതിയ സർക്കാർ ബസ്സ് കിടക്കുന്നു. അത് ഉടനെ പുറപ്പെടില്ല എന്നതിനാൽ മറ്റൊരു ബസ്സിൽ കയറി മംഗലാപുരത്തേക്കു യാത്ര തിരിച്ചു. ആ യാത്രയിൽ വീണ്ടും പച്ചപ്പണിഞ്ഞ കർണാടകമണ്ണ് കണ്ടു. ഈ പരിസരത്ത് കാണാനിനിയും ബാക്കി: കുടലുതീർത്ഥ്ജലപാതം, ജോമലുതീർത്ഥം, നരസിംഹരാജപുരം, ഉടുപ്പികൃഷ്ണമഠം, മൂടബിദ്രി....

മനസ്സ് കർണാടകത്തിൽ നിന്നു കിട്ടിയ സ്നേഹിതരിലേക്കു തിരിച്ചുപോയി. കൊല്ലൂരിൽ ആൾവേട്ട നടത്തുന്ന സത്രക്കാരൻ മുതൽ യൗവനത്തിന്റെ നിറഭംഗികൾ മലകൾക്കു കൊടുക്കാൻ ട്രക്കിംഗിനിറങ്ങിയ ഗായത്രി, ബാംഗ്ലൂരിലേക്കു വീണ്ടും വീണ്ടും ക്ഷണിച്ച അശോക് വരെ നിരവധി പേർ. ചിലർക്ക് പേരില്ല, ചിലർക്ക് വിലാസമില്ല. അവരുടെ മുഖങ്ങൾ മനസ്സിലുണ്ട്. അവരുടെ സ്നേഹവും ഹൃദയത്തിലുണ്ട്. മലയാളിയോടുള്ള ആദരവ് ഞങ്ങൾ അവരിൽ കണ്ടു. തൊഴുതുകൊണ്ട് വന്ദനം പറയാൻ, നിങ്ങളുടെ നാട്ടിലെ തണ്ണീരിടങ്ങളിലേക്കു വരാൻ കൊതിയുണ്ടെന്നു പറയാൻ, ഞങ്ങളുടെ നാട്ടുകാർ സാധുക്കളും നിരക്ഷരരായ കൃഷിക്കാരുമാണെന്നു തുറന്നു പറയാൻ നിങ്ങൾ കാണിച്ച സന്മനസ്സിനു നന്ദി.

നാലുനാളത്തെ യാത്ര, ട്രെയിനിൽ മംഗലാപുരത്തുനിന്ന് കാസർകോട്, കണ്ണൂർ വഴി കോഴിക്കോട്ടേക്ക്. അവിടെനിന്ന് തൃശ്ശൂരിലേക്കും. മനസ്സ് ശാന്തമായിരിക്കുന്നു.

വളരെ ഹ്രസ്വമായിരുന്ന ഒരു സഞ്ചാര'യാത്രാസഞ്ചി' ചൊരിഞ്ഞ് വായനക്കാരെ ഭയപ്പെടുത്തും വിധമാക്കിയെങ്കിൽ മാപ്പ്. ഇത്രയൊന്നും ഉദ്ദേശിച്ചിരുന്നില്ല. പറയാൻ കരുതിവച്ചതിൽ പാതി(സ്വകാര്യദുഃഖങ്ങളും മറ്റും) അപരിചിതഭീതിയാൽ വായനക്കാരിൽ നിന്നൊളിച്ചുവയ്ക്കുന്നു. കെങ്കേമമെന്നോ മറ്റോ അറിയാതെ ഈ കുറിപ്പുകളേയും യാത്രയേയും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിലും ക്ഷമിക്കുക.

കൊല്ലുന്ന മഴയെ ട്രെയിനിന്റെ പടിവാതിൽക്കലിരുത്തി ഞങ്ങൾ സ്വീകരിച്ചത് ആത്മാവിന്റെ അടിത്തട്ടു നനയുന്ന സന്തോഷത്തോടെയാണ്. കാൽക്കീഴിൽ ഓടിമറയുന്നത് സ്വന്തം ഭൂമിയാണെന്ന, മണ്ണാണെന്ന സന്തോഷം പറഞ്ഞറിയിക്കുക വയ്യ. അതിൻമേലെയല്ല മറ്റൊന്നും. യാത്രാസഞ്ചിയിൽ നിന്ന് ഇത്രയൊക്കെയേ തരാനുള്ളൂ. നന്ദി.